©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### *PUBLISHED BY AUTHORITY*

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2015 ഒക്ടോബർ 3<br>3rd October 2015<br>1191 കന്നി 17<br>17th Kanni 1191<br>1937 ആശ്വിനം 11<br>11th Aswina 1937 | നമ്പർ<br>No. 2236 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 19314/ലെഗ്.സി3/2015/നിയമം. *തിരുവനന്തപുരം, 2015 ഒക്ടോബർ 3*
*1191 കന്നി 17*
*1937 ആശ്വിനം 11.*

2015 ഒക്ടോബർ 3-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. കുമാരി സുധ,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/3820/2015/S-20.

# 2015-ലെ 18-ാം നമ്പർ ഓർഡിനൻസ്

# 2015-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2015-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1994-ലെ 13-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന് (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 മുതൽ 8 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്കു വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 2-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ (viഎ) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(viഎ) 'കമ്മിറ്റി അല്ലെങ്കിൽ സമിതി' എന്നാൽ ഈ ഓർഡിനൻസ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയോ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനുവേണ്ടി പഞ്ചായത്ത് രൂപീകരിച്ച മറ്റേതെങ്കിലും കമ്മിറ്റിയോ സമിതിയോ എന്നർത്ഥമാകുന്നു;".

4. 35-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (ആർ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എസ്) ഒരു നിയോജകമണ്ഡലത്തിൽ വാർഡ്തല ജാഗ്രതാസമിതി രൂപീകരിച്ച തീയതി മുതൽ, താൻ കൺവീനറായിരിക്കുന്ന പ്രസ്തുത വാർഡ്തല ജാഗ്രതാസമിതിയുടെ പ്രതിമാസ യോഗം നിർണ്ണയിക്കപ്പെട്ട രീതിയിൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി മൂന്ന് തവണ വീഴ്ച വരുത്തുകയോ.".

5. 163-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 163-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "വിദ്യാഭ്യാസം" എന്ന വാക്കിനുശേഷം "സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

6. 164-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 164-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"164എ. ജാഗ്രതാസമിതികളുടെ രൂപീകരണം.—(1) ഓരോ ഗ്രാമ പഞ്ചായത്തും, ആ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകാവുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഓരോ ഗ്രാമപഞ്ചായത്തുതലത്തിലും നിയോജകമണ്ഡലതലത്തിലും പ്രവർത്തിക്കുന്ന ജാഗ്രതാസമിതികൾ, 2015-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് പ്രാബല്യത്തിൽ വന്ന് തൊണ്ണൂറു ദിവസത്തിനകം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, രൂപീകരിക്കേണ്ടതാണ്.

(2) ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന സമിതി ഗ്രാമപഞ്ചായത്തുതല ജാഗ്രതാസമിതിയെന്നും നിയോജകമണ്ഡലതലത്തിൽ രൂപീകരിക്കുന്ന സമിതി വാർഡുതല ജാഗ്രതാസമിതിയെന്നും അറിയപ്പെടുന്നതാണ്.

(3) ഗ്രാമപഞ്ചായത്തുതല ജാഗ്രതാസമിതിയുടെ അദ്ധ്യക്ഷൻ പഞ്ചായത്തു പ്രസിഡന്റായിരിക്കുന്നതും യോഗങ്ങൾ വിളിച്ചു കൂട്ടുക, യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുക എന്നിവ അദ്ദേഹത്തിന്റെ ചുമതലയായിരിക്കുന്നതുമാണ്.

(4) വാർഡുതല ജാഗ്രതാസമിതിയുടെ കൺവീനർ ആ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഗ്രാമപഞ്ചായത്തിലെ അംഗം ആയിരിക്കുന്നതും യോഗങ്ങൾ വിളിച്ചുകൂട്ടുക, യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുക എന്നിവ പ്രസ്തുത അംഗത്തിന്റെ ചുമതലയായിരിക്കുന്നതുമാണ്.

(5) വാർഡുതല ജാഗ്രതാസമിതിയുടെയും ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള മുപ്പതു ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണ്.".

7. <u>254-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 254-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ (x)-ാം ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xഎ) ഗ്രാമപഞ്ചായത്തിന്റെ ഗ്രാമപഞ്ചായത്തുതലത്തിലും നിയോജകമണ്ഡലതലത്തിലും ജാഗ്രതാസമിതികൾ രൂപീകരിക്കുന്നതും അവയുടെ ഘടനയും ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിക്കുന്നതും സംബന്ധിച്ചും;".

8. <u>പട്ടികയ്ക്കുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ മൂന്നാം പട്ടികയിൽ, "ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ" എന്ന ശീർഷകത്തിൻകീഴിൽ, "സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ" എന്ന ഉപശീർഷകത്തിൻകീഴിൽ XIII-ാം ഇനത്തിൽ 6-ാം ഉപ ഇനമായി താഴെ പറയുന്ന ഉപ ഇനം ചേർക്കേണ്ടതാണ്, അതായത്:—

"6. ഗ്രാമപഞ്ചായത്തുതലത്തിലും നിയോജകമണ്ഡലതലത്തിലും ജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക;".

പി. സദാശിവം,

*ഗവർണ്ണർ.*